"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഷെമീമ പി.കെ യ്ക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2540/2025/LSGD തീയതി,തിരുവനന്തപുരം, 20-10-2025

---

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/09/2025 ലെ 4446/സിസി/2019/ലൈഫ് നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ യോഗത്തിന്റെ ഖണ്ഡിക (4.17) തീരുമാനം

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഷെമീമ പി.കെ പൊന്നുംകണ്ടത്തിൽ, മണക്കാട് ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൻ ഉൾപ്പെട്ട റേഷൻകാർഡിലെ മറ്റൊരംഗത്തിന് സ്വന്തമായി വീടുള്ളതിനാൽ നിലവിലെ മാനദണ്ഡപ്രകാരം ലൈഫ് പദ്ധതിയുടെ ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. എന്നാൽ ടിയാന്റെ രണ്ടു മക്കളും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. ലൈഫ് മാനദണ്ഡങ്ങളിൽ ഇളവുവരുത്തി ശ്രീമതി. ഷെമീമ പി.കെ യ്ക്ക് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. ഷെമീമ പി.കെ പൊന്നുംകണ്ടത്തിൽ, മണക്കാടിന്, നിലവിലെ മുൻഗണന മാറ്റാതെ ലൈഫ്

മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന്  അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീമതി ഷമീമ പി.കെ ( സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 22-10-2025 09:51:23
സെക്ഷൻ ഓഫീസർ